(ബി) ഇത്തരത്തിൽ മാർക്കറ്റിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുവാൻ ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും ഓരോ സ്വകാര്യ സ്ഥാപനത്തിനും മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുവാൻ അനുമതി നൽകിയിട്ടുള്ളത് ഏത് ബസ് സ്റ്റേഷനാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്വകാര്യ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന മാർക്കറ്റിംഗ് കോംപ്ലക്സുകൾ പിൽക്കാലത്ത് ഗവൺമെന്റിന് കൈമാറ്റം ചെയ്യപ്പെടും എന്ന വ്യവസ്ഥ പ്രകാരമാണോ അനുമതി നൽകിയിട്ടുള്ളതെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ പങ്കാളിത്തത്തോടെ കോംപ്ലക്സുകൾ സ്ഥാപിക്കാൻ കെ. എസ്. ആർ. ടി. സി. തീരുമാനമെടുത്തിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

തൃശ്ശൂർ ഡിപ്പോയിൽ നിന്നും നടത്തി വരുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ

130 [1374] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിപ്പോയിൽ നിന്ന് ഇപ്പോൾ നടത്തിവരുന്ന സർവ്വീസുകൾ എത്ര;

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്ന് ലഭിക്കുന്ന ശരാശരി പ്രതിദിന വരുമാനം എത്ര;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിലൂടെ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ഡി) ഈ റൂട്ടുകളിലൂടെ സർവ്വീസ് നടത്തുന്ന ബസ്സുകൾ ഏതെല്ലാമാണ്; ഇതിൽ ഏതെല്ലാം സർവ്വീസുകൾ നിർത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) അമ്മാടം വഴിയുള്ള കെ.എസ്.ആർ.ടി.സി.-യുടെ ലാഭകരമായ സർവ്വീസ് ഇടയ്ക്കിടെ ഓടാതിരിക്കുന്നതുമൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർവ്വീസ് തുടർന്ന് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 78 സർവ്വീസുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശരാശരി പ്രതിദിന വരുമാനം 4.52 ലക്ഷം രൂപയാണ്.

(സി) 6 സർവ്വീസുകൾ.

(ഡി)

6.30	—	താങ്ങിക്കമുനയം.
11.25	—	ചാലക്കുടി
12.10	—	ആലുവ
6.05	—	എറണാകുളം ജെട്ടി
11.20	—	ചാലക്കുടി
12.30	—	ആലുവ

ഇതിൽ 11.25-ന്റെ ചാലക്കുടി സർവ്വീസ് വരുമാനക്കുറവ് കാരണം നിറുത്തുകയുണ്ടായി.

(ഇ) ഉണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയ്ക്ക് പുതുതായി നൽകിയ കെ. എസ്. ആർ. ടി. സി. ബസ്സുകൾ

131 [1378] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയ്ക്ക് കഴിഞ്ഞ മൂന്ന് വർഷം വിവിധ ഡിപ്പോകളിൽ പുതുതായി നൽകിയ ബസ്സുകളുടെ എണ്ണം എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(ബി) പുതിയ ബസ്സുകൾ ഡിപ്പോകൾക്ക് അനുവദിക്കുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

തിരുവനന്തപുരം സിറ്റി	..	10
തിരുവനന്തപുരം സെൻട്രൽ	..	88
വിഴിഞ്ഞം	..	18
പൂവ്വാർ	..	6

LIBRARY ARCHIVES Kerala Legislative Assembly